**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2281** **21-06-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരണത്തിലെ അവ്യക്തതകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെല്ല് സംഭരണത്തിൽ നിലനിൽക്കുന്ന അവ്യക്തതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി പ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിക്കുവാൻ സംസ്ഥാന സർക്കാർ നിശ്ചയിച്ച നോഡൽ ഏജൻസിയാണ് സപ്ലൈകോ. ഈ പദ്ധതി പ്രകാരം കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച് സപ്ലൈകോയുമായി കരാർ ഒപ്പിട്ടിട്ടുള്ള സ്വകാര്യ മോഡേൺ റൈസ് മില്ലുകളിൽ സംസ്കരിച്ച് അരിയാക്കി സംസ്ഥാനത്തെ പൊതുവിതരണ സംവിധാനം വഴി ജനങ്ങൾക്ക് വിതരണം ചെയ്യുന്നു. ടി പദ്ധതി പ്രകാരം നിലവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമുള്ള കർഷകരിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചു വരുന്നുണ്ട്. നെല്ല് സംഭരണത്തിന് കേന്ദ്ര സർക്കാർ നൽകുന്ന അടിസ്ഥാന താങ്ങുവില (MSP) നെല്ല് സംഭരണം നടക്കുന്ന സമയത്തുതന്നെ ലഭ്യമാകാത്ത സാഹചര്യമുള്ളതു കൊണ്ടാണ് കർഷകർക്ക് നെല്ലിന്റെ സംഭരണ വില നൽകുന്നതിനുവേണ്ടി സപ്ലൈകോ പി.ആർ.എസ് വായ്പാപദ്ധതി മുഖാന്തിരം തുക നൽകുന്നത്. നിലവിൽ നെല്ല് സംഭരണം നടന്നതിനുശേഷം ടി നെല്ല് സപ്ലൈകോയുമായി കരാറിലേർപ്പെട്ടിട്ടുള്ള മില്ലുകൾ വഴി അരിയാക്കി ആയത് സർക്കാരിന്റെ പൊതുവിതരണ സംവിധാനത്തിലൂടെ AAY, PHH എന്നീ മുൻഗണന വിഭാഗത്തിന് വിതരണം ചെയ്ത് ആയതിന്റെ കണക്കുകൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുമ്പോൾ മാത്രമാണ് MSP ഇനത്തിൽപ്പെട്ട തുക സപ്ലൈകോയ്ക്ക് ലഭ്യമാകുന്നത്. സാധാരണഗതിയിൽ കർഷകരിൽ നിന്ന് നെല്ല് സംഭരിച്ച സമയം മുതൽ കേന്ദ്ര സർക്കാരിൽ നിന്നും ആയതിന്റെ തുക മേൽപ്രസ്താവിച്ച രീതിയിൽ സപ്ലൈകോയ്ക്ക് ലഭ്യമാകുമ്പോഴേയ്ക്കും 6 മുതൽ 8 മാസം വരെ സമയം എടുക്കാറുണ്ട്. ഈ കാലതാമസം ഒഴിവാക്കി സംഭരിച്ച നെല്ലിന്റെ വില |

എത്രയുംവേഗത്തിൽ കർഷകർക്ക് ലഭ്യമാക്കുന്നതിനാണ് പി.ആർ.എസ് (Paddy Receipt Sheet) വായ്പാപദ്ധതി മുഖേന സപ്ലൈകോ സംഭരണ വില നൽകുന്നത്. വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതിയുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സപ്ലൈകോ നെല്ല് സംഭരണത്തിനായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഉപയോഗിക്കുന്നത്. സർക്കാരിൽ നിന്ന് തുക ലഭിക്കുന്നതുവരെ കർഷകർക്ക് നെല്ലിന്റെ വില നൽകുന്നതിനായി ബാങ്കുകളുമായി സപ്ലൈകോ കരാറിലേർപ്പെടുന്നു. തുടർന്ന് കരാറിലേർപ്പെട്ടിരിക്കുന്ന ബാങ്കുകൾ മുഖാന്തിരം പി.ആർ.എസ് വായ്പയായി സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. കർഷകർക്ക് നൽകുവാനുള്ള തുകകൾ സമയബന്ധിതമായി ലഭ്യമാകാത്ത സാഹചര്യത്തിൽ ആ വിടവ് നികത്തുന്നതിനുവേണ്ടി മാത്രമാണ് ചില ബാങ്കുകൾ മുഖേന പി.ആർ.എസ് (PRS- Paddy Receipt Sheet) വായ്പ പദ്ധതി മുഖാന്തിരം സപ്ലൈകോ കർഷകർക്ക് സംഭരണ വില നൽകുന്നത്. ആയതിനാൽ സംഭരിച്ച നെല്ലിന്റെ ഉടമസ്ഥനായ കർഷകന് സമയബന്ധിതമായും പൂർണ്ണമായും സംഭരണവില നൽകുന്നതിനുവേണ്ടി മാത്രമാണ് പി.ആർ.എസ് വായ്പ പദ്ധതി പ്രകാരം സപ്ലൈകോ കർഷകർക്ക് പണം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്.

2023-24 സീസണിൽ കർഷകരുടെ നെല്ല് പരമാവധി വേഗത്തിൽ സംഭരിച്ച് വില അവരുടെ അക്കൗണ്ടുകളിൽ നൽകുന്നതിന് എസ്.ബി.ഐ, കാനറ എന്നീ കൺസോർഷ്യം ബാങ്കുകളുമായി സപ്ലൈകോ കരാറിൽ ഏർപ്പെട്ടിട്ടുള്ളതും, പി.ആർ.എസ് വായ്പാപദ്ധതി പ്രകാരം കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നെല്ലിന്റെ വില നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. 2023-24 സീസണിൽ ഇതുവരെ (17/06/2024 വരെ) സംസ്ഥാനത്ത് 1,97,673 കർഷകരിൽ നിന്ന് 5.57 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. നിലവിൽ എസ്.ബി.ഐ., കാനറ ബാങ്കുകളിലൂടെ PRS വായ്പ മുഖേനയാണ് കർഷകരുടെ സംഭരണ വില നൽകി വരുന്നത്. ഇതിലേക്കായി 1,69,260 കർഷകർക്ക് നൽകുന്നതിനായി 1352.37 കോടി രൂപയുടെ ലിസ്റ്റ് ടി ബാങ്കുകളിലേക്കായി സപ്ലൈകോ നൽകിയിട്ടുണ്ട്. ആയതിൽ 1,40,906 കർഷകർക്ക് നെല്ലിന്റെ വിലയായി 1137.31 കോടി രൂപ മേൽ പറഞ്ഞ ബാങ്കുകളിലൂടെ വിതരണം ചെയ്തു കഴിഞ്ഞു. ബാക്കി വരുന്ന കർഷകർക്ക് അടിയന്തിരമായി പണം

| | | | |
|---|---|---|---|
| | | | നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുകയാണ്. |
| (ബി) | ഇതുവരെ സംഭരിച്ച നെല്ലിന്റെ വില പൂർണ്ണമായും കർഷകർക്ക് ഉടൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ? | (ബി) | പിരിവ് (എ)യുടെ മറുപടി കണ്ടാലും. |

സെക്ഷൻ ഓഫീസർ